# സംസ്ഥാനതല ആലോചനായോഗം

## സർക്കുലർ

സമ്പൂർണ്ണ വൈദ്യുതീകരണം, NCCOEEE പ്രക്ഷോഭം, സെപ്റ്റംബർ 2 ദേശീയ പണിമുടക്ക് എന്നിവ സംബന്ധിച്ച് ആലോചിക്കുന്നതിന് 5.8.2016-ന് വൈകുന്നേരം 6.00 മണിക്ക് തിരുവനന്തപുരം ബി.ടി.ആർ മെമ്മോറിയലിൽ സ:കെ.ഒ.ഹബീബിന്റെ അദ്ധ്യക്ഷതയിൽ വൈദ്യുതി വ്യവസായത്തിലെ തൊഴിലാളികളുടെയും ഓഫീസർമാരുടെയും സംഘടനകളുടെ സംസ്ഥാനതല യോഗം ചേർന്നു.

'വീടിന് വൈദ്യുതി' എന്ന സർക്കാർ പ്രഖ്യാപനം നടപ്പിലാക്കുന്നതിനായി എല്ലാ ജീവനക്കാരും വൈദ്യുതി വ്യവസായത്തിലെ ഭാഗമായി നിന്നുകൊണ്ട് ഏറ്റെടുക്കേണ്ട ഉത്തരവാദിത്വം സംബന്ധിച്ചും, വൈദ്യുതി നിയമ ഭേദഗതിബിൽ 2014-ലെ വിനാശകരമായ വിപത്തുകൾ, സ്ഥാപനത്തെയും വ്യവസായത്തെയും പൊതുസമൂഹത്തെയും ദോഷകരമായി ബാധിച്ചു കൊണ്ടിരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ചും സെപ്റ്റംബർ-2 ന് നടക്കാൻ പോകുന്ന ദേശീയ പണിമുടക്കിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ സംബന്ധിച്ചും റഗുലേറ്ററി കമ്മീഷന്റെ ബോർഡ് വിരുദ്ധ ഇടപെടലുകൾ, തൊഴിലാളിദ്രോഹ നിലപാടുകൾ എന്നിവ സംബന്ധിച്ചും അദ്ധ്യക്ഷൻ വിശദീകരിച്ചു. വിവിധ സംഘടനാ പ്രതിനിധികൾ അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വ്യക്തമാക്കി. താഴെ പറയുന്നവർ വിവിധ സംഘടനാ പ്രതിനിധികളായി യോഗത്തിൽ സംബന്ധിച്ചു.

| | | |
|---|---|---|
| 1 | കെ.ഒ.ഹബീബ് | KSEBWA (CITU) |
| 2 | എൻ.രാജൻ | KEWF (AITUC) |
| 3 | എം.ജി.സുരേഷ് കുമാർ | KSEBOA |
| 4 | ഇ.മുഹമ്മദ് ഷെരീഫ് | KSEBEA |
| 5 | വി.ലക്ഷ്മണൻ | KSEBWA (CITU) |
| 6 | എം.പി.ഗോപകുമാർ | KEWF (AITUC) |
| 7 | ഷാജ്കുമാർ. ജി | KSEBEA |
| 8 | സത്യരാജൻ.ജെ | KSEBOA |
| 9 | ആർ.അജിത്കുമാർ | KEEC (INTUC) |
| 10 | എസ്.ബിജു | KEEC (INTUC) |
| 11 | അലക്സ് മാമച്ചൻ | KEOF |
| 12 | പി.ജയിംസ് റാഫേൽ | KEWF (AITUC) |
| 13 | സജീവ് കുമാർ.എം.പി | KSEBWA (CITU) |
| 14 | വി.എസ്.അജിത്കുമാർ | KSEBWA (CITU) |
| 15 | ജോർജ്ജ് | KSEBWA (CITU) |
| 16 | സുമാശേഖർ.എസ് | KSEBWA (CITU) |
| 17 | ടി.കെ.ജയകുമാർ | KSEBOA |
| 18 | എസ്.സുരേഷ്കുമാർ | KPBOF |
| 19 | കെ.എസ്.സുനിൽ | KPBOF |

## I. തീരുമാനങ്ങൾ

1. ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുക.
2. വൈദ്യുതി കണക്ഷന് ആവശ്യമായ രേഖകൾ സംബന്ധിയായ തർക്കം ഉണ്ടാകാതെ ശ്രദ്ധിക്കുക.
3. ജില്ലാതല സംയുക്ത ആലോചനായോഗം 10.8.2016-ന് മുമ്പ് ചേരുക.
4. പോസ്റ്ററുകൾ, സ്റ്റിക്കറുകൾ, ഫ്ലക്സ് എന്നിവ തയ്യാറാക്കി പ്രദർശിപ്പിച്ച് പ്രചരണം ശക്തമാക്കുക.
5. സൺറൈസ് മീറ്റിംഗ് വഴി എല്ലാ തൊഴിലാളികളിലും സമ്പൂർണ്ണ വൈദ്യുതീകരണം എന്ന ലക്ഷ്യം സാധൂകരിക്കേണ്ടതിന്റെ ആവശ്യവും അവർ പ്രചരണത്തിന്റെ ഭാഗമാകേണ്ട പ്രാധാന്യവും അറിയിക്കുക.
6. സെപ്റ്റംബർ 3, 4 തീയതികളിൽ റൂറൽ/റിമോട്ട് ഏര്യകളിൽ ഉച്ചഭാഷിണി പ്രചരണം നടത്തുക.
7. ഒരു ഓഫീസ് പരിധിയിൽ ചുരുങ്ങിയത് ഒരു വീട് എന്ന നിലയിൽ തൊഴിലാളി-ഓഫീസർ സഹകരണത്തോടെ വൈദ്യുതീകരിക്കാൻ ശ്രമിക്കുക.

## II. NCCOEEE

1. കേന്ദ്ര ഊർജ്ജമന്ത്രിയ്ക്ക് ഇലക്ട്രിസിറ്റി ഭേദഗതി ബിൽ (2014) പിൻവലിക്കണം എന്നാവശ്യപ്പെട്ട് പാർലമെന്റിന്റെ ശീതകാല സമ്മേളനം തുടങ്ങുന്നതിന് മുമ്പ് (2 മാസത്തിനകം) കത്തയയ്ക്കണം.
2. 2016 ആഗസ്റ്റ്-സെപ്റ്റംബർ മാസക്കാലം നിയമഭേദഗതിക്കെതിരെയുള്ള ശക്തമായ പ്രചാരവേല ചെയ്യണം.
3. സംസ്ഥാന കൺവെൻഷൻ സെപ്റ്റംബർ-6 ന് തിരുവനന്തപുരം ബി.ടി.ആർ-ൽ ചേരാൻ തീരുമാനിച്ചു.
4. 19.9.2016-നും 24.9.2016-നുമിടയ്ക്ക് ജില്ലാതല കൺവെൻഷൻ നടത്തണം.

**സെപ്റ്റംബർ 2 ദേശീയ പണിമുടക്ക്.**

III. സെപ്റ്റംബർ 2 പണിമുടക്ക് നോട്ടീസ് സംയുക്തമായി ആഗസ്റ്റ് 16-ന് ബോർഡിന് നല്കണം.

IV. ആഗസ്റ്റ് 19-ന് റഗുലേറ്ററി കമ്മീഷൻ ആഫീസ് മാർച്ച് നടത്തണം.

മേൽപ്പറഞ്ഞ തീരുമാന പ്രകാരം ചിട്ടയായ പ്രവർത്തനങ്ങൾ നടത്തുന്നതിനും, പ്രചരണങ്ങൾ നടത്തുന്നതിനും എല്ലാവരുടെയും സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

പട്ടം
06.08.2016

**കൺവീനർ**